

# കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി

# അണക്കെട്ടിന്റെ സുരക്ഷക്കായും വാർത്താ നായകൻ

വിവാദങ്ങളുണ്ടാക്കി വാർത്തകളിൽ രാജാവാകുന്നതു കൊച്ചൗസേപ്പിന്റെ ശൈലിയല്ല. സംരംഭങ്ങളിലൂടെയും സേവനത്തിലൂടെയും മാതൃകകളും പാതകളും അൽഭുതങ്ങളും സൃഷ്ടിച്ചിട്ടുണ്ട്; പക്ഷേ, വിവാദപ്പടക്കങ്ങൾ പൊട്ടിച്ച് ആളാകാൻ സമയമൊട്ടും പാഴാക്കിയിട്ടില്ല അദ്ദേഹം. വി ഗാർഡ് വഴി വ്യവസായരംഗത്തും വണ്ടർ ലാ വഴി വിനോദരംഗത്തും വിസ്മയങ്ങൾ തീർത്തു, നിരവധി നവസംരംഭകർക്കു റോൾ മോഡലായി മാറി, ഒരു വൃക്ക ദാനം ചെയ്ത് ഒരായിരം ഹൃദയങ്ങൾ പകരം നേടി. ഇപ്പോഴിതാ അപകടാവസ്ഥയിലായ മുല്ലപ്പെരിയാർ ഡാം ബലപ്പെടുത്താനുള്ള പദ്ധതിയുമായി രംഗത്തിറങ്ങിയിരിക്കുകയാണ് അദ്ദേഹം. 55 കോടി ചെലവുള്ള പദ്ധതിയുടെ നടത്തിപ്പിനായി അഞ്ചരക്കോടി രൂപ കൊച്ചൗസേപ്പ് സംഭാവന നൽകുകയുമുണ്ടായി. പക്ഷേ മുല്ലപ്പെരിയാർ പ്രശ്ന പരിഹാരം നിർദേശിക്കുന്നതിന് മുമ്പേതന്നെ കേരളത്തിന്റെ ഈ 'വലിയ ഔസേപ്പി'നു മലയാളികൾ 2011ലെ ന്യൂസ് മേക്കർ പദം കൽപ്പിച്ചു നൽകിയിരുന്നു. മനോരമ ന്യൂസ് ചാനൽ പ്രേക്ഷകരായ ആറു ലക്ഷം പേർ പങ്കെടുത്ത തെരഞ്ഞെടുപ്പാണിതെന്നു സംഘാടകർ പറയുമ്പോൾ, നാടിനു കഴമ്പുള്ള കാര്യങ്ങൾ ചെയ്യുന്നവരെയാണു തങ്ങൾ അംഗീകരിക്കുന്നതെന്ന പ്രേക്ഷകവിധിയെഴുത്തു കൂടി അതിലുണ്ടാകാം. ■